യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

23 (3422) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജനക്ഷേമ വകുപ്പു എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സംബന്ധിച്ച് വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഇന്റെർനെറ്റ് ഇ-മെയിൽ തുടങ്ങിയ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ ക്ഷേമത്തിനായി, താഴെപ്പറയുന്ന കർമ്മപരിപാടികൾ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നു.

1. ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള പരിശീലന പരിപാടി ആദിവാസി യുവതീയുവാക്കൾക്ക് നൽകുന്നു.

2. തെരഞ്ഞെടുത്ത യുവാക്കൾക്ക് ആശാരിപ്പണിയിലും കൊത്തുപ്പണിയിലും പരിശീലനം നൽകുന്നു.

3. യുവാക്കളിലെ കലാ/കായിക വാസനകളെ പ്രോൽസാഹിപ്പിക്കുന്നതിന് എല്ലാ വർഷവും നടത്തുന്ന കേരളോൽസവത്തിൽ, സംസ്ഥാന/ജില്ലാ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് പ്രൈസ്മണി നൽകുന്നു.

4. തെരഞ്ഞെടുക്കപ്പെട്ട 991 യൂത്ത് ക്ലാസുകൾക്ക് 1500 രൂപ വീതം വിലവരുന്ന കായികോപകരണങ്ങൾ നൽകി വരുന്നു.

5. യുവാക്കളിൽ സാഹസികതാബോധം വളർത്തുന്നതിന് 21 യുവാക്കൾക്ക് വൈമാനിക സാഹസിക പരിശീലനം നൽകി.

6. ദേശസ്നേഹം, ദേശീയ ഐക്യം, ദേശീയോദ്ഗ്രഥനം എന്നിവ ലക്ഷ്യമാക്കി കൊല്ലം മുതൽ എറണാകുളം വരെ ഒരു ജലയാന യാത്രാ ക്യാമ്പ് നടത്തി.

7. ഒക്ടോബർ മാസത്തിൽ മദ്ധ്യപ്രദേശിൽവച്ച് നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ, യുവജനക്ഷേമബോർഡ് തെരഞ്ഞെടുത്ത 20 യുവതീയുവാക്കളെ പങ്കെടുപ്പിച്ചു.

(ബി) ഇൻഫർമേഷൻ ടെക്നോളജി വകുപ്പും പബ്ലിക് റിലേഷൻസ് വകുപ്പുമായി ആലോചിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly